## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 212** **10.10.2011 -ൽ മറുപടിക്ക്**

## അരിവാൾ കോശ രോഗം

| ചോദ്യം<br>ശ്രീ.സി.മോയിൻകുട്ടി:<br>ശ്രീ.എൻ.ഷംസുദ്ദീൻ:<br>ശ്രീ.എം.ഉമ്മർ: | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | ആദിവാസികൾക്കിടയിൽ കണ്ടുവരുന്ന അരിവാൾ കോശ രോഗം (സിക്കിൾ സെൽ അനീമിയ) മറ്റു വിഭാഗങ്ങളിലും ചെറിയ തോതിൽ കണ്ടെത്തിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിന് ഫലപ്രദമായ മരുന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; രോഗം വരാനുള്ള കാരണം വ്യക്തമായിട്ടുണ്ടോ; | (ബി) | കഴിഞ്ഞിട്ടില്ല. അച്ഛനിൽ നിന്നും അമ്മയിൽ നിന്നും കുട്ടിയ്ക്കു ലഭിക്കുന്ന 23 വീതം ക്രോമസോമുകളിൽ ഏതെങ്കിലും ഒന്നിലോ ഒരു ജോഡി ജീനുകളിലോ ഉള്ള പ്രശ്നങ്ങളാണു ഈ പാരമ്പര്യ രോഗത്തിനു കാരണം. |
| (സി) | ഇതുമൂലം അവശതയനുഭവിക്കുന്ന ആദിവാസികൾക്ക് പ്രത്യേക സംരക്ഷണ നടപടികൾ സ്വീകരി | (സി) | ഉണ്ട്. ആരോഗ്യ കേരളം പദ്ധതിയിലൂടെ സംസ്ഥാന ആരോഗ്യ വകുപ്പ് കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സഹകരണത്തോടെ വയനാട് ജില്ലയിലും അട്ടപ്പാടിയിലും സമഗ്ര |

| | | | |
|---|---|---|---|
| | ച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | | അരിവാൾ കോശ രോഗ പരിപാലന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി വയനാട്ടിലും അട്ടപ്പാടിയിലും ലഭ്യമാക്കിയ സംവിധാനങ്ങൾ താഴെ പറയുന്നവയാണ്.<br>1) രോഗം കണ്ടെത്തുന്നതിന് സ്ക്രീനിംഗിനായി 550 ൽ അധികം സോലുബിലിറ്റി കിറ്റുകൾ<br>2) 16 ഇലക്ട്രോഫോറുസിസ് സെന്ററുകൾ<br>3) 6 പൾസ് ഓക്സിമീറ്ററുകൾ<br>4) ബ്ളഡ് സെൽ കൗണ്ടർ – സുൽത്താൻ ബത്തേരി, നല്ലൂർനാട്, അമ്പലവയൽ.<br>5) അരിവാൾ – രോഗ നിർണ്ണയം, ചികിത്സ മുതലായവയിൽ പരിശീലനം നേടിയ ഡോക്ടർമാർ, ലാബ് ടെക്നീഷ്യൻമാർ, ആരോഗ്യ പ്രവർത്തകർ<br>6) ശാസ്ത്രീയ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലുള്ള ചികിത്സക്ക് ആവശ്യമായ മുഴുവൻ മരുന്നുകളും എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും എത്തിച്ചിട്ടുണ്ട്.<br>7) പ്രത്യേക വാർഡ്– നല്ലൂർനാട് സാമൂഹ്യാരോഗ്യകേന്ദ്രം, സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ (പൂർത്തിയായി വരുന്നു)<br>8) HPLC, PCR പരിശോധനാ സംവിധാനങ്ങൾ –കോഴിക്കോട് മെഡിക്കൽ കോളേജിൽ<br>9) പ്രാഥമിക അരിവാൾ രോഗ ക്ളിനിക്കും പോഷകാഹാര വിതരണവും – |

| | | | |
|---|---|---|---|
| | | | 10) പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ<br>ചീരാൽ, ചുള്ളിയോട്, വഴവറ്റ, നൂൽപ്പുഴ, വരദൂർ, മീനങ്ങാടി അമ്പലവയൽ, പനമരം, മേപ്പാടി, മുള്ളൻകൊല്ലി, പുൽപ്പള്ളി, പൂതാടി, ചെതലയം, അപ്പപാറ, കുറുക്കൻമൂല<br>പദ്ധതിയുടെ ആദ്യഘട്ടമായി അരിവാൾ രോഗ നിർണ്ണയം, ചികിത്സ, പരിപാലനം മുതലായവയിലെ വിദഗ്ധരെ പങ്കെടുപ്പിച്ച് ഒരു ദേശീയ സെമിനാർ സംഘടിപ്പിക്കുകയും ശാസ്ത്രീയമായ മാർഗ്ഗരേഖയുടെ അടിസ്ഥാന ത്തിലുള്ള പരിശീലന പദ്ധതികൾ രൂപപ്പെടുത്തുകയും ചെയ്തു. വയനാട് ജില്ലയിലേയും അട്ടപ്പാടിയിലേയും മെഡിക്കൽ ഓഫീസർമാർ, ലാബ് ടെക്നീഷ്യന്മാർ, ആരോഗ്യപ്രവർത്തകർ മുതലായവർക്ക് വിവിധ ഘട്ടങ്ങളിലായി പരിശീലനം നൽകി. സ്ക്രീനിംഗ് ടെസ്റ്റായ സൊലുബിലിറ്റി ടെസ്റ്റ് ചെയ്യാനുള്ള കിറ്റ് മുഴുവൻ ആരോഗ്യ പ്രവർത്തകർക്കും നൽകുകയും സ്ക്രീനിംഗ് പോസിറ്റീവ് ആയവരുടെ രക്തം ലബോറട്ടറികളിൽ എത്തിച്ച് ഇലക്ട്രോ ഫൊറൂസിസ് ടെസ്റ്റ് നടത്തി രോഗികളായി കണ്ടെത്തുന്നവർക്ക് ചുവപ്പും ജീൻ വാഹകർക്ക് നീലയും കാർഡുകൾ നൽകുകയും രോഗികൾക്ക് ആവശ്യമായ മുഴുവൻ ചികിത്സയും മരുന്നുകളും എല്ലാ ഹെൽത്ത് സെന്ററുകളിലും സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങളും വയനാട്ടിലും അട്ടപ്പാടിയിലും നടപ്പിലാക്കി. എല്ലാ ആരോഗ്യ പ്രവർത്തകരും അവരുടെ പരിധിയിൽ വരുന്ന കോളനികളിൽ സ്ക്രീനിംഗ് ക്യാമ്പുകൾ |

| | | | |
|---|---|---|---|
| | | | നടത്തി കൃത്യമായ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും അതിന്റെ ഒരു പകർപ്പ് മെഡിക്കൽ കോളേജിൽ ശേഖരിച്ച് കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും ചെയ്യുന്നു. |
| (ഡി) | ഈ രോഗം മറ്റു സംസ്ഥാനങ്ങളിൽ കാണപ്പെടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. ആന്ധ്രാപ്രദേശ്, ഒറീസ, മഹാരാഷ്ട്ര, മധ്യപ്രദേശ്, ഛത്തീസ്ഗഡ് , രാജസ്ഥാൻ, ഗുജറാത്ത്, തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ ഈ രോഗം കണ്ടുവരുന്നു. |
| (ഇ) | ഇതിനുള്ള ഫലപ്രദമായ മരുന്നും പ്രതിരോധ മാർഗ്ഗവും കണ്ടെത്തുന്നതിനുള്ള നടപടികളെ സംബന്ധിച്ച് വിശദമാക്കുമോ; | (ഇ) | ആധുനിക വൈദ്യ ശാസ്ത്രത്തിൽ അരിവാൾ കോശ രോഗികൾക്കു അതിജീവന ശേഷിയും വേദനകളില്ലാത്ത ജീവിതവും നൽകുന്ന തിനായി ഹൈഡ്രോക്സി യൂറിയ, ഫോളിക് ആസിഡ്, കെയ്പൻ മുതലായ മരുന്നുകളും മറ്റു രോഗ ബാധകൾ തടയുന്നതിന് യഥാസമയത്തുള്ള പ്രതിരോധ കുത്തിവയ്പുകളും ആഗോളതലത്തിൽ ഉപയോഗിച്ചു വരുന്നു. ആഗോള പ്രോട്ടോകോൾ അനുസരിച്ചുള്ള എല്ലാ മരുന്നുകളും വയനാട്ടിലേയും അട്ടപ്പാടി യിലേയും മുഴുവൻ സാമൂഹ്യ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് ജനിതക രോഗങ്ങളെ പോലെ പ്രതിരോധ മരുന്നുകൾ ലഭ്യമല്ല. ജനിതക ഗവേഷണങ്ങൾ നടന്നു വരുന്നു. രോഗത്തിന്റെ തോതു കുറച്ച് കൊണ്ടുവരുന്നതിനായി ജനിതക കൗൺസിലിങ്ങും ബോധവൽക്കരണവും ആണ് ഇന്ന് നമുക്ക് ലഭ്യമായ മാർഗ്ഗം. ഇതു ആവശ്യമായവർക്കു തൊട്ടടുത്ത ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ആരോഗ്യപ്രവർത്തകർ നൽകിവരുന്നു. |

| | | | |
|---|---|---|---|
| (എഫ്) | മോഡേൺ മെഡിസിൻ വിഭാഗത്തിനൊപ്പം ആയുർ വേദ, ഹോമിയോ, യുനാനി വിഭാഗങ്ങളിലെ വിദഗ്ധരുടെ കൂടി സഹകരണത്തോടെ ഇക്കാര്യത്തിൽ ആവശ്യമായ ഗവേഷണം നടത്താൻ നടപടി സ്വീകരിക്കുമോ ? | (എഫ്) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ